LIBRARY ARCHIVES Kerala Legislative Assembly

പോലീസ് വകുപ്പിൽ ഉദ്യോഗക്കയറ്റം വഴി നിയമനം

105(5692)ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് , അഡ്മിനിസ്ട്രേറ്റീവ് തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് ഉദ്യോഗക്കയറ്റം വഴി നിയമനം നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ സ്റ്റേറ്റ് പോലീസ് ചീഫിന്റെ ഓഫീസിൽ നിന്നും ആഭ്യന്തര വകുപ്പിനു സമർപ്പിക്കുകയുണ്ടായോ ;

(സി) എപ്പോഴാണ് പ്രസ്തുത പ്രൊപ്പോസലുകൾ ഗവൺമെന്റിനു സമർപ്പിച്ചത് ;

(ഡി) പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉന്നത സ്ഥാനങ്ങളിലേക്കുള്ള ഉദ്യോഗക്കയറ്റത്തിനുമുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോലീസ് വകുപ്പിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ മൂന്ന് ഒഴിവുകൾ നിലവിലുണ്ട്.

(ബി-ഡി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ മൂന്ന് ഒഴിവുകൾ നികത്തുന്നതിനായി 30-6-2015-ലെ എ 5/122834/14 കത്ത് പ്രകാരം ഒരു പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ജൂലൈ 1-ാം തീയതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പോലീസ് വകുപ്പിൽനിന്നും അയച്ച പ്രൊപ്പോസലിനെ സംബന്ധിച്ച് 13-7-2015-ലെ സർക്കാർ കത്ത് നമ്പർ 55056/എച്ച്2/2015/ആഭ്യന്തരം പ്രകാരം സംസ്ഥാന പോലീസ് മേധാവിയോട് വിശദീകരണം ആവശ്യപ്പെടുകയും വിശദീകരണം സഹിതം പുതുക്കിയ പ്രൊപ്പോസൽ 24-7-2015-ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവ പരിശോധിച്ചുവരുന്നു.